**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **08-02-2023 - ൽ മറുപടിയ്ക്ക്**

**മൊകേരി കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മൊകേരി കോളേജിലെ ഇന്റേണൽ റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദ വിവരങ്ങൾ സഹിതം അറിയിക്കാമോ; | (എ) | റോഡ് നിർമ്മാണ പ്രവർത്തിയുടെ സാങ്കേതിക അനുമതി ലഭ്യമായി എന്ന് പൊതുമരാമത്ത് വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്. |
| (ബി) | മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ ഉണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം 90% പൂർത്തിയാക്കിയിട്ടുണ്ട് . മാർച്ച് 2023 ൽ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തികരിക്കാൻ സാധിക്കുമെന്നാണ് പദ്ധതി നിർവഹണ ഏജൻസി ആയ KITCO അറിയിച്ചിട്ടുള്ളത്.<br><br>ലേഡീസ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിന്റെ ഭാഗമായി പൈലിങ് വർക്കുകൾ ആരംഭിച്ചു. ആകെ വേണ്ടിയിരുന്ന 60 പൈലുകളിൽ 14 പൈലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പ്രവർത്തി നിർത്തി വെക്കുന്നതിനായി കിഫ്‌ബി സ്റ്റോപ്പ് മെമോ നൽകുകയും പ്രവർത്തി നിർത്തി വെക്കുകയും ചെയ്യു. തുടർന്ന് കിഫ്‌ബിയുടെ നിർദ്ദേശ പ്രകാരം പദ്ധതി പ്രദേശത്ത് മണ്ണ് പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പദ്ധതി നിർവഹണ ഏജൻസി ആയ KITCO കിഫ്‌ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ച ശേഷം നിർമ്മാണം പുനരാരംഭിയ്ക്കുന്നതാണ് . |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; പ്രവൃത്തികളുടെ കരാർ കാലാവധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം 2023 മാർച്ച് മാസവും ലേഡീസ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം 2023 ഡിസംബർ മാസവും പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പദ്ധതി നിർവഹണ ഏജൻസി ആയ KITCO അറിയിച്ചിട്ടുള്ളത്. ലൈബ്രറി ബ്ലോക്കിന്റെയും ലേഡീസ് ഹോസ്റ്റൽ ബ്ലോക്കിന്റെയും കരാർ കാലാവധി 21.01.2023 ആണ്. റോഡ് നിർമ്മാണ പ്രവർത്തിയുടെ ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചാൽ മാത്രമേ കരാറിൽ ഏർപ്പെടാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ